# പതിനാലാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട നിയമസഭ ചോദ്യം നം. *198 – 06/12/2018 -ലെ മറുപടിക്ക്

## മുദ്ര പദ്ധതി വായ്പകൾ

<u>ചോദ്യം</u> | <u>ഉത്തരം</u>

ശ്രീ. സി. എഫ്. തോമസ്
ശ്രീ. റോഷി അഗസ്റ്റിൻ
ശ്രീ. പി.ജെ.ജോസഫ്
ശ്രീ. മോൻസ് ജോസഫ്

ഡോ. ടി. എം. തോമസ് ഐസക്
(ധനകാര്യവും കയറും വകുപ്പുമന്ത്രി)

| | ചോദ്യം | ഉത്തരം |
|---|---|---|
| എ | സ്വയം തൊഴിൽ വായ്പയ്ക്ക് വേണ്ടിയുള്ള മുദ്ര പദ്ധതിയിലൂടെ വായ്പ ലഭിക്കുന്നതിന് അപേക്ഷകർക്ക് ബുദ്ധിമുട്ടുകൾ ഉണ്ടാകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | സ്വയം തൊഴിൽ ചെയ്യുന്നവരെ സഹായിക്കുക എന്ന ലക്ഷ്യത്തോടെ ചെറുകിട വ്യവസായങ്ങളും വ്യക്തിഗത ബിസിനസ്സുകളും ആരംഭിക്കുന്നവർക്ക് ധനസഹായം നൽകുക എന്ന ഉദ്ദേശ്യത്തോടെ കേന്ദ്ര സർക്കാരും ബാങ്കുകളും ചേർന്ന് ആവിഷ്കരിച്ചിരിക്കുന്ന പദ്ധതിയാണ് മുദ്ര പദ്ധതി (മൈക്രോ യൂണിറ്റ്സ് ഡെവലപ്പ്മെന്റ് & റീഫിനാൻസിംഗ് ഏജൻസി ലിമിറ്റഡ്). അർഹരായ അപേക്ഷകർക്ക് സ്വയംതൊഴിലിനായി മുദ്ര പദ്ധതിയിലൂടെ ഷെഡ്യൂൾഡ് വാണിജ്യ ബാങ്കുകൾ വായ്പകൾ നൽകി വരുന്നുണ്ടെന്നും അത്തരക്കാർക്ക് വായ്പ ലഭിക്കുന്നതിന് ബുദ്ധിമുട്ടുകൾ ഉണ്ടാകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല എന്നും സംസ്ഥാനതല ബാങ്കേഴ്സ് സമിതി (എസ്.എൽ.ബി.സി) അറിയിച്ചിട്ടുണ്ട്. ഈ വായ്പ ലഭിക്കുന്നതിനായി മുദ്രാ പദ്ധതി പ്രകാരമുള്ള വ്യവസ്ഥകൾ മാത്രമാണ് ബാങ്ക് ആവശ്യപ്പെടുന്നതെന്നും എസ്.എൽ.ബി.സി അറിയിച്ചിട്ടുണ്ട്. എന്നാൽ ഇക്കാര്യത്തിൽ നിരവധി തടസ്സങ്ങളും ബുദ്ധിമുട്ടുകളും അപേക്ഷകർ നേരിടുന്നു എന്ന പരാതിയും ഉയരുന്നുണ്ട്. |
| ബി | ഈ വായ്പ ലഭിയ്ക്കുന്നതിന് ബാങ്കുകൾ ഉന്നയിക്കുന്ന വ്യവസ്ഥകൾ തടസ്സമാകുന്നുണ്ടോ; | |
| സി | ഉണ്ടെങ്കിൽ ഈ കാര്യത്തിൽ ആവശ്യമായ പരിഹാര നടപടികൾ സ്വീകരിക്കുമോ? | ഇതു സംബന്ധിച്ച് സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുന്ന പരാതികൾ സ്റ്റേറ്റ് ലെവൽ ബാങ്കേഴ്സ് കമ്മിറ്റി മുഖേന പരിഹരിക്കുന്നതിന് ആവശ്യമായ ഇടപെടൽ നടത്തുന്നതാണ്. |

സെക്ഷൻ ഓഫീസർ